## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *105 — 03-12-2018 -ൽ മറുപടിക്ക്

### പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരുടെ പുനരധിവാസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ടി. തോമസ്**<br>**ശ്രീ. റോജി എം. ജോൺ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.അൻവർ സാദത്ത്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2018-ലെ പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരുടെയും അവർക്കുണ്ടായ നാശനഷ്ടങ്ങളുടെയും കണക്ക് റവന്യൂ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; | എ)<br>ബി)<br>സി)<br>&<br>ഡി) | കേരളം നേരിട്ട ഏറ്റവും വലിയ പ്രകൃതിദുരന്തമാണ് ആഗസ്റ്റ് മാസത്തിൽ ഉണ്ടായത്. വെള്ളപ്പൊക്കത്തിലും ഉരുൾ പൊട്ടലിലും മണ്ണിടിച്ചിലിലും പെട്ട് ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതം അതീവ ദുരിതത്തിലായി. നിരവധിപേർ മരണപ്പെട്ടു. വീടുകളും കൃഷിയിടങ്ങളും വളർത്തുമൃഗങ്ങളും വാഹനങ്ങളും ജീവനോപാധികളും വ്യാപാരസ്ഥാപനങ്ങളും വിദ്യാലയങ്ങളും ആശുപത്രികളും റോഡുകളും പാലങ്ങളും ദുരന്തത്തിനിരയായി. നാടിന്റെ പൊതുജീവിതം വീണ്ടെടുക്കുന്ന പ്രവർത്തനങ്ങളിൽ സർക്കാരിനോടൊപ്പം വിവിധ ജനവിഭാഗങ്ങൾ ഒരുമിച്ചുനിന്നു. ഇക്കാരണത്താൽ തന്നെ വെള്ളമിറങ്ങിയ പൊതു വഴികളിലും വീടുകളിലും വിദ്യാഭ്യാസ-ആരോഗ്യ കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞു. വൈദ്യുതി, ശുദ്ധജല വിതരണം പുനഃസ്ഥാപിക്കുന്നതിനും, പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാനുമുള്ള മുൻകരുതലുകൾ കൈക്കൊള്ളുന്നതിലും വിജയം കൈവരിക്കാനായി.<br>പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരുടെയും അവർക്കുണ്ടായ നാശനഷ്ടങ്ങളുടെയും കണക്ക് റവന്യൂ വകുപ്പ് ശേഖരിച്ചിട്ടില്ല. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 3590 ൽ പരം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് 632 കോടി രൂപയുടെയും ഇടുക്കി എറണാകുളം എന്നീ ജില്ലകളിലായി 12 വൻകിട വ്യവസായ യൂണിറ്റുകൾക്ക് 289.40 കോടി രൂപയുടെയും നാശനഷ്ടം ഉണ്ടായിട്ടുണ്ട്. കേരള |
| ബി) | ഇപ്രകാരമുള്ളവർക്ക് എന്തൊക്കെ ആശ്വാസമാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്; | | |
| സി) | ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരെ സർക്കാർ പൂർണമായും അവഗണിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| ഡി) | ഇവരുടെ പുനരധിവാസത്തിനായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥാപനങ്ങൾക്ക് 16 കോടി രൂപയുടെ വസ്തു നഷ്ടവും 4.50 കോടി രൂപയുടെ വരുമാന നഷ്ടവും ഉണ്ടായിട്ടുണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ആകെ 47.61 കോടി രൂപയും നഷ്ടം ഉണ്ടായിട്ടുണ്ട്. കൈത്തറി മേഖലയിൽ 8 ജില്ലകളിലായി 650 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.<br>ഐക്യരാഷ്ട്രസഭാ സംഘം നടത്തിയ വിലയിരുത്തലിൽ 72.42 ലക്ഷം തൊഴിലാളികളെ ഈ പ്രളയം ബാധിക്കുകയും, തൊഴിൽ മേഖലയിൽ 10,358 കോടി രൂപയുടെ നഷ്ടം ഉണ്ടായതായും കാണുന്നു.<br>ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരെ സർക്കാർ പൂർണമായും അവഗണിച്ചു എന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. മഹാപ്രളയത്തിന്റെ പരിണിത ഫലമായി നമ്മുടെ സംസ്ഥാനത്ത് ദുരന്ത ബാധിതരിൽ ഭൂരിപക്ഷം പേർക്കും ജീവനോപാധികളോ തൊഴിൽ നഷ്ടമോ വരുമാന നഷ്ടമോ ഒക്കെ ഉണ്ടായിട്ടുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇത്തരത്തിൽ ദുരന്തബാധിതർക്ക് ആശ്വാസമെത്തിക്കുന്നതിനായി നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിരുന്നു.<br>മരണമടഞ്ഞ 435 പേരുടെ ആശ്രിതർക്കാണ് നാലു ലക്ഷം രൂപ വീതം അനുവദിച്ചത്. അതിൽ അനന്തരാവകാശ രേഖകൾ സമർപ്പിച്ച 389 കുടുംബങ്ങൾക്കായി 15.56 കോടി രൂപ നൽകിയിട്ടുണ്ട്.<br>ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണന ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ വീതം അനുവദിച്ചു 6,80,000 (ആറുലക്ഷത്തി എൺപതിനായിരം) പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. 500 രൂപ വില വരുന്ന ഭക്ഷ്യവസ്തുക്കളുടെ കിറ്റ് ദുരിതാശ്വാസ ക്യാമ്പിൽനിന്ന് മടങ്ങുമ്പോൾ ലഭ്യമാക്കിയിരുന്നു. ഇതിനു പുറമെ, ഡിസംബർ 31 വരെ ദുരന്തബാധിതരായ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും, സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ കിറ്റ് നൽകി വരുന്നു. 23.11.2018 വരെ 3,26,048 കുടുംബങ്ങൾക്കായി 16.30 കോടി രൂപ വിലവരുന്ന കിറ്റുകൾ വിതരണം ചെയ്തു.<br>കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാർഗമായി കഴിഞ്ഞ നിരവധിപേരെ സഹായിക്കുന്നതിന് സന്നദ്ധ സംഘടനകൾ മുന്നോട്ടുവന്നു. ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ഇതിനകം 49 കോടി രൂപ സഹായം നൽകി. |

ജീവനോപാധി നഷ്ടപ്പെട്ടവർക്ക് RKLS (Resurgent Kerala Loans Scheme) സഹായപദ്ധതി, കുടുംബശ്രീ മുഖേന ഒരുലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകും. ഇതുവരെ 38,441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു. പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സമയ ബന്ധിതമായി, സൗജന്യമായി രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു പ്ലാന്റേഷൻ മേഖലയിൽ തൊഴിലുകളിൽ കുറവുണ്ടായത് കണക്കിലെടുത്ത് മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. മുൻഗണനേതര വിഭാഗങ്ങൾക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ചു കിലോ അരി നൽകുവാൻ തീരുമാനിച്ചു.

പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനായി 2019-20 ലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാനിങ്ങ് ബോർഡിന് മുൻപാകെ സമർപ്പിച്ചിട്ടുള്ളതും പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളുടെ പുനർ നിർമ്മാണത്തിനായി സാമ്പത്തിക സഹായം നല്കുന്നതുമായ പദ്ധതി പ്രകാരം സ്റ്റാർട്ട് അപ്പ് സഹായം, നിക്ഷേപ സഹായം എന്നിങ്ങനെ രണ്ട് ഘട്ടമായാണ് സഹായം നല്കുന്നത്. സ്ഥിര ആസ്ഥികൾ സ്ഥാപിക്കുന്നതിന് നിക്ഷേപം നടത്തുന്നവർക്ക് 15%മുതൽ 30% വരെ പരമാവധി 20/30 ലക്ഷം എന്ന നിരക്കിൽ സഹായം നല്കുന്നതാണ്.അർഹതപ്പെട്ട തുകയുടെ 50% ആദ്യം നല്കുകയും സ്ഥാപനം പുനർ നിർമ്മിച്ച ശേഷം ബാക്കി തുക നൽകുകയും ചെയ്യുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

ദുരന്ത ബാധിത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർ സംരംഭം വീണ്ടെടുക്കുന്നതിനായി പുതുതായി ബാങ്കുകൾ വഴി നേടുന്ന വായ്പകളിൽ 6% മുതൽ 8% വരെ പലിശയിളവ് 3 വർഷത്തേയ്ക്ക് ലഭിക്കുന്ന രീതിയിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നതാണ് ഒരു പദ്ധതി.

കൂടാതെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ചുവടെ ചേർക്കുന്ന പ്രത്യേക ധനസഹായ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.

- **ഹ്രസ്വകാല വായ്പാ പദ്ധതികൾ**

9% പലിശയ്ക്ക് 3 കോടി രൂപ ഹ്രസ്വകാല വായ്പ

| | | | |
|---|---|---|---|
| | | | നൽകും. ഹ്രസ്വകാല വായ്പയുടെ തിരിച്ചടവ് കാലവധി 3 വർഷമായി ഉയർത്തിയിട്ടുണ്ട്.<br>പ്രളയബാധിത സ്ഥലങ്ങളിൽ പുതിയ സംരംഭങ്ങൾക്കും പദ്ധതികൾക്കും നടപടികൾക്കുമുള്ള ഫീസ് ഒഴിവാക്കിയിട്ടുണ്ട്.<br>• **നിശ്ചിതകാല വായ്പ**<br>പ്രളയ ബാധിത സ്ഥലങ്ങളിൽ നിശ്ചിതകാല വായ്പാ പദ്ധതിയുടെ പലിശ നിരക്കിൽ 1% വരെ ഇളവ് നൽകുകയും നിലവിലെ ഏറ്റവും കുറഞ്ഞ പലിശയായ 9.75 ശതമാനത്തിൽ കുറയാത്തവിധവുമാണ് ഇത് നടപ്പിലാക്കുക.<br>• **നിലവിലെ സംരംഭകർക്ക്**<br>നിലവിലെ സാമ്പത്തിക സഹായം സ്വീകരിച്ച സംരംഭകർക്ക് ഒരു വർഷത്തെ പിഴ പലിശ ഒഴിവാക്കുകയും ആവശ്യകത പരിശോധിച്ച് ഒരു വർഷം വരെ മൊറട്ടോറിയവും വായ്പ തിരിച്ചടവ് കാലാവധി പുതുക്കി നിശ്ചയിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.<br>കൈത്തറി മേഖലകളിൽ കേടുപറ്റിയ 255 തറികളിൽ 219 എണ്ണം അറ്റകുറ്റപണികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.<br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഗ്രാമവികസന മന്ത്രാലയം അധികമായി 50 തൊഴിൽ ദിനങ്ങൾ 2018-2019 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ